# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 785 — 20.03.2013 – ൽ മറുപടിയ്ക്ക്

## ആയുർവേദ ആശുപത്രികൾ വികസിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.ദാസൻ | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികളെ വികസിപ്പിക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദാംശം അറിയിക്കുമോ; | (എ) | ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികളെ വികസിപ്പിക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഭൗതിക സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും, ഔഷധങ്ങളുടെ ലഭ്യതയും വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ഭാരതീയ ചികിത്സാ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മുഖേന ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ, സോളാർ വാട്ടർ ഹീറ്റർ, ആശുപത്രി മെയിന്റനൻസ്, ആശുപത്രിയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ മറ്റ് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികൾ ഏതെല്ലാം; അത് എവിടെയെല്ലാം, ഏത് നിയോജക മണ്ഡലങ്ങളിൽ എന്നത് വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിൽ 7 ആയുർവേദ ആശുപത്രികളാണ് പ്രവർത്തിക്കുന്നത് |

| ക്രമ. നം. | സ്ഥാപനം | സ്ഥലം | നിയോജക മണ്ഡലം |
|---|---|---|---|
| 1 | ജില്ലാ ആയുർവേദ ആശുപത്രി, കോഴിക്കോട് | വെസ്റ്റ് ഹിൽ | കോഴിക്കോട് നോർത്ത് |

| | | | |
|---|---|---|---|
| 2 | താലൂക്ക് ആയുർവേദ ആശുപത്രി, പയ്യോളി | തച്ചൻകന്ന് പയ്യോളി | കൊയിലാണ്ടി |
| 3 | ഗവ. ആയുർവേദ ആശുപത്രി, വടകര | പുതുപ്പണം | വടകര |
| 4 | ഗവ. ആയുർവേദ ആശുപത്രി, തലയാട് | തലയാട് | ബാലുശ്ശേരി |
| 5 | ഗവ. ആയുർവേദ ആശുപത്രി, നൊച്ചാട് | നൊച്ചാട് | പേരാമ്പ്ര |
| 6 | ഗവ. ആയുർവേദ ആശുപത്രി, ചെറുവണ്ണൂർ | ചെറുവണ്ണൂർ | പേരാമ്പ്ര |
| 7 | ഗവ. ആയുർവേദ ആശുപത്രി, ബാലുശ്ശേരി | ബാലുശ്ശേരി | ബാലുശ്ശേരി |

(സി) കൊയിലാണ്ടിയിൽ തച്ചൻകുന്ന് ആയുർവേദ ആശുപത്രിയിൽ ഇപ്പോൾ ലഭ്യമായ സേവനങ്ങൾ/സൗകര്യങ്ങൾ എന്തെല്ലാം എന്നും അവിടെ ഇപ്പോൾ ഓരോ തസ്തികയിലും ജോലി ചെയ്യുന്ന ജീവനക്കാർ എത്ര എന്നും വ്യക്തമാക്കാമോ;

(സി) പയ്യോളി (തച്ചൻകുന്ന്) താലൂക്ക് ആയുർവേദ ആശുപത്രിയിൽ ദിവസവും 200 ഓളം രോഗികൾ ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്കായി വരുകയും രോഗികൾക്കാവശ്യമായ ഔഷധങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ഐ.പി. വിഭാഗത്തിൽ 30 രോഗികളെ കിടത്തി ചികിത്സിക്കാനാവശ്യമായ സൗകര്യങ്ങൾ ഇവിടെയുണ്ട്. ഐ.പി. വിഭാഗത്തിലെ രോഗികൾക്ക് ഔഷധങ്ങളും എല്ലാവിധ പഞ്ചകർമ്മ ചികിത്സകളും സൗജന്യമായി നൽകുന്നുണ്ട്. ഐ.പി. വിഭാഗത്തിലെ രോഗികൾക്ക് സൗജന്യമായി ഭക്ഷണം നൽകുന്നുണ്ട്.

ജീവനക്കാരെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ചീഫ് മെഡിക്കൽ ഓഫീസർ -01

സീനിയർ മെഡിക്കൽ ഓഫീസർ -01

| | | |
|---|---|---|
| | | മെഡിക്കൽ ഓഫീസർ -01<br>മെഡിക്കൽ ഓഫീസർ (വിഷ) -01<br>ഫാർമസിസ്റ്റ് -02<br>നേഴ്സ് -05<br>എൽ.ഡി. ക്ലർക്ക് -01<br>ഫാർമസി അറ്റൻഡർ -02<br>നേഴ്സിംഗ് അസിസ്റ്റന്റ് -04<br>പാർട്ട് ടൈം സ്വീപ്പർ -01<br>കുക്ക് - 01<br>സാനിറ്റേഷൻ വർക്കർ -01<br>കൂടാതെ ആയുഷ് ഫണ്ട് ഉപയോഗിച്ച് കരാറടിസ്ഥാനത്തിൽ 4 പഞ്ചകർമ്മ തെറാപ്പിസ്റ്റുമാരും ജോലി ചെയ്യുന്നുണ്ട്. |
| (ഡി) | തച്ചൻകുന്ന് ആയർവേദാശുപത്രിയുടെ വികസനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം;ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ പുരോഗതിയെന്ത്;വ്യക്തമാക്കാമോ; | (ഡി) പയ്യോളി (തച്ചൻകുന്ന്) താലൂക്ക് ആയുർവേദ ആശുപത്രിയുടെ വികസനത്തിനായി. മേലടി ബ്ലോക്ക് പഞ്ചായത്തുവഴി 2011-12 ൽ 4 ലക്ഷം രൂപയും 12-13 ൽ 4 ലക്ഷം രൂപയും മരുന്നിനായി അനുവദിച്ചിട്ടുണ്ട്. സ്ഥാപനത്തിലെ മെയിന്റനൻസ് വർക്കിനായി ഫണ്ട് അനുവദിക്കുകയും ആയത് മേലടി ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായി 56,500/- രൂപ ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പയ്യോളി ഗ്രാമ പഞ്ചായത്തുവഴി 2011-12- ൽ 4 ലക്ഷം രൂപയും 2012-13 ൽ 2 ലക്ഷം രൂപയും ഔഷധം വാങ്ങുന്നതിന് അനുവദിച്ചിട്ടുണ്ട്. |
| (ഇ), | ഇവിടെ സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) സ്ഥാപനത്തിൽ 2012-13 വർഷം 5 ലക്ഷം രൂപ ഔഷധങ്ങൾ വാങ്ങിക്കാനും 4 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റായും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ